**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 136** | **08-02-2023 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന കർഷകരുടെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ വിശദമാക്കുമോ; | (എ) | വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2007ലാണ് സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ വരുന്നത്. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡ് പുറപ്പെടുവിച്ച് സർക്കാരിലേക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം കർഷകരുടെ കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി 2 വർഷം കൂടി വർദ്ധിപ്പിച്ചു. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31.03.2016 വരെയും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകളാണ് നിലവിൽ കടാശ്വാസത്തിന് പരിഗണിച്ചു വരുന്നത്. കർഷകർക്ക് അപേക്ഷ സമർപ്പിക്കാൻ 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ സമയം അനുവദിച്ചു. പരമാവധി 2 ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിക്കുന്നത്. അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി കഴിഞ്ഞ് 01.03.2019 മുതൽ 10.06.2019 വരെ കമ്മീഷനിൽ ലഭ്യമായ അപേക്ഷകൾ പരിഗണിക്കുന്നതിന് 07.01.2022ൽ ഈ സർക്കാർ അനുമതി നൽകി.<br><br>കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഇപ്രകാരം 11 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ അധിക |

| | | | |
|---|---|---|---|
| | | | ധനാനുമതി മുഖേന 16 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ബാക്കി കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കടാശ്വാസ കമ്മീഷൻ നൽകുന്ന അവാർഡുകൾ സഹകരണ സംഘം രജിസ്ട്രാർ സൂക്ഷ്മപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക സർക്കാർ വിതരണം ചെയ്യുന്നത്. അവാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി സൂക്ഷ്മപരിശോധന പൂർത്തിയാകാത്ത കേസുകളിൽ അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |
| (ബി) | നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്ന് കർഷകർ എടുത്തിട്ടുള്ള വായ്പാ തിരിച്ചടവുകളിൽ കർഷക കടാശ്വാസ കമ്മീഷന് ഇടപെടാൻ കഴിയുന്ന രീതിയിൽ കമ്മീഷന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ബാങ്കിംഗ് എന്ന വിഷയം ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ വരുന്ന വിഷയമായതിനാൽ നാഷണലൈസ്ഡ് ബാങ്കുകളെ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല. |
| (സി) | കർഷക കടാശ്വാസ കമ്മീഷനെ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കടാശ്വാസത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഇപ്രകാരം 11 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ബഡ്ജറ്റ് വിഹിതത്തിനു പുറമേ ഈ സാമ്പത്തിക വർഷത്തിൽ ഇതിനോടകം തന്നെ അധിക ധനാനുമതി മുഖേന 16 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ബാക്കി കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കടാശ്വാസ കമ്മീഷൻ നൽകുന്ന അവാർഡുകൾ സഹകരണ സംഘം രജിസ്ട്രാർ സൂക്ഷ്മപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക സർക്കാർ വിതരണം ചെയ്യുന്നത്. അവാർഡ് വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനായി സൂക്ഷ്മപരിശോധന പൂർത്തിയാകാത്ത കേസുകളിൽ അവാർഡ് തുക വിതരണം ചെയ്യുന്നതിനുള്ള സാധ്യതകൾ സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്.<br><br>കടാശ്വാസത്തിന് പരിഗണിക്കുന്ന വായ്പാ തീയതികൾ പുതുക്കി നിശ്ചയിക്കുകയും ആയതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2020 വരെയും മറ്റ് 12 ജില്ലകളിലെ കർഷകർ 31.03.2016 വരെയും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ